# സാമൂഹിക പ്രത്യാഘാത പഠനം

## കാക്കനാട്-കോതമംഗലം റോഡ്
## (നാലുവരി) - രണ്ടാംഘട്ടം
## 5.9258 ഹെക്ടർ

## കരടു റിപ്പോർട്ട്

റിക്വസിഷൻ അധികാരി

പൊതുമരാമത്തു വകുപ്പ് (റോഡ് വിഭാഗം)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്

കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002

ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in

Web :www.keralavhs.com


KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 KVHS



Scanned by CamScanner

## ഉള്ളടക്കം


**അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം**

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

**അദ്ധ്യായം 2- പദ്ധതി വിശദീകരണം**

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ).പൊതുമരാമത്തു വകുപ്പ് (റോഡ് വിഭാഗം)

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണ ഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക്സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും**

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും



KERALA VOLUNTARY HEALTH SERVICES
MULLANKUZHI
COLLECTORATE P.O.
KOTTAYAM-2
KVHS




Scanned by CamScanner

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

## അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

## അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗ പ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

## അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക വിവരങ്ങൾ

6.1. ജനസംഖ്യ വിവരങ്ങൾ

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.3. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.5. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

6.7. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.9. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.9.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

6.9.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 KVHS

Scanned by CamScanner

6.10. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെവിവരണം

6.10.1. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.10.2. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം

6.10.3. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം

6.10.4 ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ സാമ്പത്തിക സ്ഥിതി വിവരണം

6.10.5. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

**അദ്ധ്യായം 7 - സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി**

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന കിൻഫ്ര പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിച്ചേർക്കേണ്ട കാര്യങ്ങളും

7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

**അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന**

8.1. സ്ഥാപന ഘടനാ സംവിധാനം

**അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും

9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

**അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും**

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

10.2. മേൽനോട്ടവും റിപ്പോർട്ടിംഗും

10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

**അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VOLUNTARY HEALTH SERVICES
MULLANKUZHI
COLLECTORATE P.O.
KOTTAYAM-2
* KVHS *



Scanned by CamScanner

**സാമൂഹിക പ്രത്യാഘാത പഠനം**
**കാക്കനാട്-കോതമംഗലം റോഡ്**
**(നാലുവരി) - രണ്ടാംഘട്ടം**
**5.9258 ഹെക്ടർ**
**പഠന റിപ്പോർട്ട്- രത്ന ചുരുക്കം**

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

എറണാകുളം ജില്ലാ ആസ്ഥാനത്തെ ജില്ലയുടെ കിഴക്കൻ ഭാഗങ്ങളുമായു ബന്ധിപ്പിക്കുന്ന പ്രധാന വാണിജ്യ പാതയാണ് കാക്കനാട്-കോതമംഗലം പാത.സുഗന്ധ വിളകളുടെ നാടായ പശ്ചിമ ഘട്ടത്തിലേക്കുള്ള വാതിൽ എന്നാണ് കോതമംഗലം പട്ടണം അറിയപ്പെടുന്നത്. മലയോര ജില്ലയായ ഇടുക്കിയെയും വാണിജ്യ പ്രധാന ജില്ലയായ എറണാകുളത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു വാണിജ്യ കേ ന്ദ്രം ആണ് കോതമംഗലം. അതുകൊണ്ട് തന്നെ ജില്ലയിലെ തിരക്കേറിയ പാതകളിൽ ഒന്നാണ് കോതമംഗലം-കാക്കനാട് റോഡ്. ഈ പാതയിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനും മലയോര-കാർഷിക ജില്ലയായ ഇടുക്കിയിൽ നിന്നും കാർഷിക പ്രാധാന്യമുള്ള എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശത്തു നിന്നും സുഗന്ധ ദ്രവ്യങ്ങളും കാർഷിക വിളകളും സംസ്ഥാനത്തിന്റെ വാണിജ്യ കേ ന്ദ്രമായ എറണാകുളം പട്ടണത്തിലേക്ക് എത്തിക്കുന്നതിനും മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ സാംസ്കാരിക- വിദ്യാഭ്യാസ മേഖലയിലുള്ള ഉന്നമനത്തിനും നിർണ്ണായക പങ്ക് വഹിക്കുന്ന പാതയാണ് കാക്കനാട്- കോതമംഗലം. ഈ പാത നവീകരിക്കുന്നതിനും നാലുവരി പാതയായി ഉയർത്തുന്നതിനുമുള്ള ആശയം ആദ്യമായി രൂപപ്പെടുന്നത് ഉദ്ദേശം ഒരു ദശകത്തിന് മുമ്പാണ്. സർക്കാരിന്റെ ഭരണാനുമതി ലഭ്യമായി എങ്കിലും ഭൂമി ഏറ്റെടുക്കൽ പോലുള്ള സാങ്കേതിക പ്രശ്നങ്ങളിൽപ്പെട്ട് നടപടിക്രമങ്ങൾ വർഷങ്ങളോളം തടസ്സപ്പെടുകയായിരുന്നു. തങ്കളം ജംഗ്ഷൻ മുതൽ എളമ്പ്ര ക്ഷേത്രം വരെയുള്ള ഒന്നാം ഘട്ടം നാലു വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചെങ്കിലും ഉദ്ദേശം ആറ് മാസങ്ങൾക്ക് മുമ്പാണ് ഗതാഗതയോഗ്യമായിത്തീർന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടമായി ഉദ്ദേശിക്കുന്നത് എളമ്പ്ര അമ്പലം മുതൽ ഇരമല്ലൂർ നെല്ലിക്കുഴി റോഡ് വരെയുള്ള ഭാഗം വികസിപ്പിക്കാനാണ്. പൂർണ്ണമായും കാർഷിക -നാണ്യ വിള മേഖലകളിലൂടെ കടന്നുപോകുന്ന പാതയ്ക്ക് ഉദ്ദേശം 5.9258 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്.

സുരക്ഷിതവും സുഗമവും ആയ ഗതാഗത മാർഗ്ഗങ്ങൾ ഒരു രാജ്യത്തിന്റെ സുസ്ഥിത വികസനത്തിന്റെ അളവുകോലാണ്. രാജ്യത്തെ ജനസംഖ്യയുടെയും വാഹനങ്ങളുടെ എണ്ണത്തിന്റെയും വർദ്ധനയ്ക്ക് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കേണ്ടത് സന്തുലിച പുരോഗതിക്ക് അത്യാവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ അഭൂതപൂർവ്വമായ വാഹന വർദ്ധനയുടെ അനുപാതത്തിൽ ഗതാഗത മാർഗ്ഗങ്ങൾ വികസിക്കാതിരുന്നതിനാലാണ് പല സ്ഥലങ്ങളിലും വലിയ തോതിലുള്ള ഗതാഗതകുരുക്കുകൾ വൻതോതിൽ സമയനഷ്ടത്തിനും, ഇന്ധന നഷ്ടത്തിനും കാരണമാകുന്നു. കൂടാതെ വ്യവസായിക- വ്യാപാര വികസനത്തിന് സുഗമമായ ഗതാഗത സൗകര്യങ്ങൾ അത്യാവശ്യമാണ്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ നിലവിലുള്ള റോഡുകളുടെ രണ്ട് വശങ്ങളിലും, അനേകം വ്യാപാര- വ്യവസായ സ്ഥാപനങ്ങളും, വീടുകളും സ്ഥിതിചെയ്യുന്നു. മിക്കവാറും എല്ലാ പാതയോരങ്ങളും ജനസാന്ദ്രതയിൽ മുന്നിലാണ്. അതുകൊണ്ട് തന്നെ ഈ പാതകൾ വീതികൂട്ടി ഗതാഗതം സുഗമമാക്കാൻ വലിയ തോതിലുള്ള പുനരധിവാസ- പുനർവാസ നടപടികൾ ആവശ്യമാണ്. അതുകൊണ്ടാണ് പലപ്പോഴും, സർക്കാരുകൾ, ബൈപ്പാസുകളെക്കുറിച്ചും പുതിയ പാതകളെക്കുറിച്ചും ചിന്തിക്കുന്നത്. കൂടാതെ പുതിയ പാതകളും, ബൈപ്പാസുകളും പലപ്പോഴും പട്ടണങ്ങളുടെ വ്യപ്തി വർദ്ധിപ്പിക്കുകയും, അതിലൂടെ വ്യാപാര-വ്യവസായ രംഗത്ത് അഭിവൃദ്ധി പ്രദാനം ചെയ്യുകയും ചെയ്യും.

KERALA VOLUNTARY ... 5 ... KOTTAYAM

Scanned by CamScanner

കാക്കനാട്- കോതമംഗലം പാത (രണ്ടാം ഘട്ടം) എറണാകുളം ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു അടിസ്ഥാന വികസന പദ്ധതിയാണ്. ജില്ലയുടെ കിഴക്കു ഭാഗത്തെയും പടിഞ്ഞാറു ഭാഗത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന പാത ജില്ലയുടെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന കേരളത്തിന്റെ സുഗന്ധ വിളകളുടെ കേന്ദ്രമായ ഇടുക്കി ജില്ലയിൽ നിന്നും വാണിജ്യ തലസ്ഥാനമായ എറണാകുളത്തേക്ക് ഉള്ള ഗതാഗതം സുഗമമാക്കുന്നു. കാർഷിക ഗ്രാമങ്ങൾ നിറഞ്ഞ എറണാകുളം ജില്ലയുടെ കിഴക്ക് ഭാഗത്ത് നിന്നും മെട്രോപ്പോലീറ്റൻ നഗരമായ എറണാകുളത്തേക്ക് കാർഷിക വിളകൾ, അസംസ്കൃത വസ്തുക്കൾ എന്നിവ എത്തുന്നതിനുള്ള പ്രധാന ഗതാഗത പാതയാണ് കാക്കനാട്- കോതമംഗലം നാലുവരി പാതയിലൂടെ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. എറണാകുളം-തേനി ദേശീയ പാതയുടെ കാക്കനാട്- കോതമംഗലം പ്രദേശം, സംസ്ഥാനത്തെ ഏറ്റവും ജനനിബിഡമായ പ്രദേശങ്ങളിൽ ഒന്നാണ്. അതുകൊണ്ട് തന്നെ പ്രസ്തുത ദേശീയ പാതയുടെ വീതി കൂട്ടൽ വലിയ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ രൂപപ്പെടുത്തും എന്നു കരുതാവുന്നതാണ്. അതുകൊണ്ടാണ് ജനവാസ കേന്ദ്രങ്ങളെ വലിയതോതിൽ ബാധിക്കാത്തവിധം, കോതമംഗലം -കാക്കനാട് (നാലുവരിപ്പാത) എന്ന ആശയം രൂപപ്പെടുത്തിയതും, ഒന്നാം ഘട്ടം പൂർത്തീകരിച്ചതും.

തങ്കളം - എളമ്പ്രാ അമ്പലം വരെയുള്ള ഒന്നാം ഘട്ടം ഏതാണ്ട് പൂർത്തിയായികഴിഞ്ഞിരിക്കുകയാണ്. പദ്ധതിയുടെ രണ്ടാംഘട്ടമായ എളമ്പ്ര അമ്പലം മുതൽ നെല്ലിക്കുഴി-മൂവാറ്റുപുഴ റോഡ് വരെയുള്ള ഉദ്ദേശം മൂന്നര കിലോമീറ്റർ ദൈർഘ്യം വരുന്ന രണ്ടാം ഘട്ടമാണ് ഇപ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാക്കിയിരിക്കുന്നത്.

റവന്യു വകുപ്പ്, തയ്യാറാക്കിയിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഉദ്ദേശം 5.9258 ഹെക്ടർ ഭൂമിയാണ് രണ്ടാം ഘട്ട പദ്ധതിക്ക് ആവശ്യമായി വരുന്നത്. ആവശ്യമായ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ, അതിർത്തി കല്ലുകൾസ്ഥാപിക്കൽ എന്നിവ പൂർത്തിയായികഴിഞ്ഞു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയായി എങ്കിലും പ്രതീക്ഷിച്ച സമയത്ത് പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളുടെ കൂട്ടത്തിലാണ് കാക്കനാട്-കോതമംഗലം പദ്ധതിയെ കണക്കാക്കുന്നത്. ഒന്നാം ഘട്ടം പൂർത്തീകരിച്ചതിനാലും, പദ്ധതിയുടെ പൊതു താൽപ്പര്യ പ്രസക്തി പദ്ധതി ബാധിതരും, പദ്ധതി ഉപഭോക്താക്കളും ശരിവയ്ക്കുന്നതിനാലും ആണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനും, സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം അനുബന്ധ വിജ്ഞാപനങ്ങളും അടിസ്ഥാനമാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കും പദ്ധതി വിധേയമാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ്, സംസ്ഥാന തലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്താൻ തെരഞ്ഞെടുത്തിരിക്കുന്ന സംഘടനകളിൽ ഉൾപ്പെടുന്ന കേരള വോളന്ററി ഹെൽത്ത് സർവ്വീസിനെ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിന്റെ അടിസ്ഥാനം ഇതാണ്.

### 1.2. പദ്ധതി പ്രദേശം

ജില്ലാ ആസ്ഥാനത്ത് നിന്ന് 60 കിലോമീറ്ററും കോതമംഗലം പട്ടണത്തിൽ നിന്നും ഒന്ന് മുതൽ നാലുവരെ കിലോമീറ്ററും അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കൊച്ചി-തേനി ദേശീയ പാതയുടെ കാക്കനാട്- കോതമംഗലം ഭാഗത്തിന്റെ സമാന്തരമായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കാർഷിക പ്രാധാന്യം ഉള്ളസ്ഥലമാണ്.

പദ്ധതി പ്രദേശത്തിന് വളരെ സമീപത്തായി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ലോവർ പ്രൈമറി സ്കൂൾസ്ഥിതി ചെയ്യുന്നു.

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM

Scanned by CamScanner

ഒരു മുസ്ളീം പള്ളിയും, അമ്പലവും സാമീപ്യം കൊണ്ട് പദ്ധതി പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നാല് പാതകൾ പദ്ധതി പ്രദേശത്തിന് കുറുകെ കടന്നു പോകുന്നു. പദ്ധതി പ്രദേശത്തെ പ്രധാന പാതകളുടെയും, കോതമംഗലം പട്ടണവുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡുകൾ.

ഒരു പൊതുകുളം, ഒരു സ്വകാര്യ പാറമടകുളം എന്നിവ ജലസ്രോതസ്സുകളായി പദ്ധതി പ്രദേശത്ത് ഉണ്ട്. പൊതു കുളത്തിലെ ജലം ആളുകൾ കുടിക്കാനൊഴികെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. പദ്ധതി പ്രദേശത്തിന്റെ അഞ്ചിൽ ഒരു ഭാഗം വയലും ശേഷിക്കുന്ന ഭൂമിയുടെ, റോഡ്, താമസ്സസ്ഥലം എന്നിവ ഒഴിച്ചുള്ള ഭാഗം, റബ്ബർ, കൊക്ക എന്നിവ കൃഷി ചെയ്യുന്ന പ്രദേശവുമാണ്. വയലിൽ നെൽകൃഷി ഇല്ല എന്നുതന്നെപറയാം. എന്നാൽ പച്ചക്കറി, കപ്പ, വാഴ, ചേന എന്നീ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നു. നിർദ്ദിഷ്ട ശബരി റെയിൽ പാത പദ്ധതി പ്രദേശത്തെ മുറിച്ച് കടന്നു പോകുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ പദ്ധതി പ്രദേശത്തെ എല്ലാ സമയത്തും ജലസേചന സൗകര്യം ഉള്ള പ്രദേശമായി നിലനിർത്തുന്നു. ഇത് പദ്ധതി പ്രദേശത്തിന്റെ കാർഷിക പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

തഹസിൽദാർ ഓഫീസ് (ഭൂമി ഏറ്റെടുക്കൽ, പൊതു വിഭാഗം) ആണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ എല്ലാ അളവുകളും പരിശോധനകളും നടത്തിയത്. ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ന്റെ മേൽ നോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

#### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത പഠനം സൂചിപ്പിക്കുന്നത് 66 ഭൂവുടമകളും രണ്ട് ഭൂവുടമകളല്ലാത്തവരും പദ്ധതി ബാധിതരായി ഉണ്ട് എന്നാണ്. മൂന്ന് താമസ്സ ഭവനങ്ങൾ പൂർണ്ണമായും ഒരു ഭവനം ഭാഗികമായും പദ്ധതി ബാധിതമാണ്. താമസ്സമില്ലാത്ത മൂന്ന് ഭവനങ്ങളും പദ്ധതി മൂലം നഷ്ടപ്പെടുന്നുണ്ട്. കൂടാതെ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടം, കയ്യാലകൾ എന്നിവയും പദ്ധതി ബാധിതമാണ്. പദ്ധതിബാധിതരുടെ മതവിശ്വാസം കണക്കിലെടുത്താൽ ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീംങ്ങളും ഏകദേശം തുല്യ അനുപാതത്തിൽ ആണ് എന്ന് കാണാവുന്നതാണ്.

സാമ്പത്തിക സ്ഥിതിയുടെ വിശകലനം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ ആരും തന്നെ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ അല്ല എന്നാണ്. പദ്ധതി ബാധിതരിൽ 93% ആളുകൾക്കും 40 സെന്റിൽ കൂടുതൽ ഭൂമി ഉള്ളവരാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് 16% ഭൂവുടമകൾ പത്താംതരത്തിന് താഴെ വിദ്യാഭ്യാസം ഉള്ളവരാണ് എന്നാണ്. 86% ഭൂവുടമകളും പുരുഷന്മാരാണ്. 8% ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് എന്ന് അവകാശപ്പെടുന്നു എങ്കിലും, വലിയ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ആരുംതന്നെ പദ്ധതി ബാധിതരായി ഇല്ല. പദ്ധതി ബാധിതരിൽ 73% കർഷകരും, 13% കച്ചവട- വ്യാപാര ജോലികളിൽ ഏർപ്പെട്ടവരും ബാക്കി ഉള്ളവർ മറ്റ് തൊഴിലുകൾ ചെയ്യുന്നവരുമാണ്.

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 * KVHS *



Scanned by CamScanner

## (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 5.9358 ഹെക്ടർ ഭൂമിയാണ് 66 ഭൂവുടമകളിൽ നിന്നും ഏറ്റെടുക്കുന്നത്. സാമൂഹിക വിശകലനം സൂചിപ്പിക്കുന്നത് മൊത്തം ഏറ്റെടുക്കുന്ന ഭൂമിയുടെ 14% താമസസ്ഥലത്തോടു കൂടിയതും 70% തോട്ടവിള കൃഷി നടത്തുന്നതും, 2% റോഡ്, കനാൽ മുതലായ സർക്കാർ ഭൂമിയുമാണ്. ശേഷിക്കുന്നവ വയൽ ഗണത്തിൽപ്പെടുത്താവുന്നതാണ്. മതസ്ഥാപനങ്ങളുടെ ഭൂമിയോ, പൊതുസ്ഥാപനങ്ങളുടെ ഭൂമിയോ പദ്ധതി ബാധിതമായി കാണുന്നില്ല. കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്കുവേണ്ടി പൊതുജനങ്ങൾ ഉപയോഗപ്പെടുത്തുന്ന ഒരു പൊതു കുളം ഭാഗികമായി ബാധിക്കപ്പെടുന്നതായി കാണുന്നു. കൂടാതെ ഒരു സ്വകാര്യ പാറക്കുളം പദ്ധതി പ്രദേശത്തെ ഒരു ജലസ്രോതസ്സായി കണക്കാക്കാവുന്നതാണ്. നിർദ്ദിഷ്ട ശബരി റയിൽ പാത പദ്ധതി പ്രദേശത്തെ മുറിച്ച് കടന്നു പോകുന്നു. പദ്ധതി ബാധിക്കപ്പെടുന്ന വയൽ പ്രദേശങ്ങളിൽ നെൽകൃഷി തുലോം വിരളമാണ്. മറിച്ച് കപ്പ, വാഴ, ചേന, പയർ, ചേമ്പ് മുതലായ ഭക്ഷ്യ വിഭവങ്ങൾ ഈ പ്രദേശത്ത് കൃഷി ചെയ്യപ്പെടുന്നു. പ്രധാന തോട്ടവിളകൾ റബ്ബർ, കൊക്കോ എന്നിവയാണ്. കോതമംഗലം താലൂക്കിൽ എരമല്ലൂർ വില്ലേജിൽപ്പെട്ട പദ്ധതി പ്രദേശത്ത് ബാധിക്കപ്പെടുന്ന ചമയങ്ങളായുള്ളത് നാല് താമസ ഭവനങ്ങളും ഒരു വാടക താമസഭവനവും 3 താമസക്കാരില്ലാത്ത ഭവനങ്ങളും ഒരു കാർഷിക ആവശ്യത്തിനുള്ള കെട്ടിടവും ആണ്. ഇതുകൂടാതെ ചില കൽക്കെട്ടുകൾ, അതിർത്തി മതിലുകൾ എന്നിവയും ബാധിക്കപ്പെടുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ പദ്ധതി പ്രദേശത്തുകൂടി കടന്നു പോകുന്നു. പ്രസ്തുത കനാൽ ഉള്ളതുകൊണ്ട് തന്നെ പദ്ധതി പ്രദേശത്തെ എല്ലാ കാലത്തിന്റെ ജലസേചന സൗകര്യം ഉള്ള പ്രദേശമായി കണക്കാക്കാവുന്നതാണ്.

## (ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

സാമൂഹിക സാമ്പത്തിക വിശകലനം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതരായ ഭൂവുടമകൾ ആരും തന്നെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരല്ല എന്നുള്ളതാണ്. പദ്ധതി പ്രദേശത്തെ ശരാശരി ഭൂവുടമസ്ഥതയുടെ വ്യാപ്തി 0.65 ഏക്കർ ആണ്. ഒരു പട്ടികജാതി പട്ടിക വർഗ്ഗ കുടുംബവും ബാധിക്കപ്പെടുന്ന ഭൂവുടമകളിൽ ഉൾപ്പെടുന്നില്ല. കൂടാതെ എല്ലാ ഭൂവുടമകളും അക്ഷരാഭ്യാസം ഉള്ളവരും 84% പത്താം തരമോ അതിനുവുകളിലോ വിദ്യാഭ്യാസം ഉള്ളവരാണ്. മതപരമായ വിതരണം സൂചിപ്പിക്കുന്നത് മുസ്ലീംങ്ങൾ, ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ എന്നിവർ ഏകദേശം തുല്യ അനുപാതത്തിൽ കാണപ്പെടുന്നു എന്നാണ്. ശരാശരി കുടുംബ വലിപ്പം 4-5 വരെയാണ്. 32% ഭൂവുടമകൾക്ക് കൃഷിയാണ് വരുമാന മാർഗ്ഗം.

## 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

| ക്രമ നം. | ബദൽ നിർദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ഇപ്പോഴുള്ള കൊച്ചി തേനി ദേശീയ പാത വികസിപ്പിച്ച് ഗതാഗതകുരുക്ക് പരിഹരിക്കുക. | പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിക്കപ്പെട്ടതിനാലും ദേശീയ പാതയുടെ വികസനം വലിയ അളവിലുള്ള പുനരധിവാസ പുനർവാസ നടപടികൾക്ക് ഇടയാക്കും എന്നതിനാലും ബദൽ നിർദ്ദേശം ഈ ഘട്ടത്തിൽ പ്രായോഗികം അല്ല. |

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 * KVHS *



Scanned by CamScanner

## 1.5. സാമൂഹിക പ്രത്യാഘാതം

സാമൂഹിക പ്രത്യാഘാത പഠനം സൂചിപ്പിക്കുന്നത് രണ്ട് താമസ ഭവനങ്ങൾ പൂർണ്ണമായും രണ്ട് താമസ ഭവനങ്ങൾ ഭാഗികമായും കൃഷി ആവശ്യത്തിനുള്ള ഒരു കെട്ടിടം പൂർണ്ണമായും രണ്ട് ഭൂവുടമകളുടെ ഭൂമി പൂർണ്ണമായും 64 ഭൂവുടമകളുടെ ഭൂമി ഭാഗികമായും ഒരു വാടക ഭവനം പൂർണ്ണമായും താമസം ഇല്ലാത്ത 3 ഭവനങ്ങൾ പൂർണ്ണമായും പദ്ധതി മുഖേന ബാധിക്കപ്പെടുന്നു. 5.9258 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. വലിയ രീതിയിലുള്ള ദോഷകരമായ പ്രത്യാഘാതങ്ങൾ പഠനത്തിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. എന്നാൽ ബാധിക്കപ്പെടുന്ന ഭൂമിയുടെ 5ൽ ഒന്ന് ഭാഗം ഭക്ഷ്യ ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന കൃഷി ഭൂമിയാണ്. എന്നാൽ പ്രദേശത്ത് തരിശു കിടക്കുന്ന കൃഷി ഭൂമിയുടെ വ്യാപ്തി കണക്കാക്കുമ്പോൾ പദ്ധതി മൂലം ഭക്ഷ്യ ധാന്യ ഉൽപ്പാദനത്തിൽ യാതൊരു വിധ കുറവും ഉണ്ടാകുന്നതല്ല. റബ്ബർ, കൊക്കോ, മുതലായവ പ്രധാന നാണ്യ വിളകളായ ശേഷിക്കുന്ന പദ്ധതി പ്രദേശം ഒരു പ്രധാന കാർഷിക മേഖലയാണ്. എങ്കിലും പൂർണ്ണമായും കൃഷിയെ ഉപജീവന മാർഗ്ഗമാക്കുന്ന ആളുകളുടെ എണ്ണത്തിലെ കുറവ് പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്. കനാൽ ജലസേചനം മൂലം എല്ലാക്കാലത്തും ജലലഭ്യത ഉണ്ട് എന്നുള്ളത് പദ്ധതി പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നിർദ്ദിഷ്ട ശബരി റെയിൽപാത പദ്ധതി പ്രദേശത്തെ ഖണ്ഡിച്ച് കടന്നു പോകുന്നു. രണ്ട് പദ്ധതിയിലും ഉൾപ്പെട്ട് ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമകളെ പ്രത്യേക പരിഗണന നൽകി ഭൂമി ഏറ്റെടുക്കൽ നടപടിയിൽ ഉൾപ്പെടുത്തുന്നത് പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്. കുടിവെള്ളത്തിനൊഴിച്ച് ശേഷിക്കുന്ന എല്ലാ ആവശ്യങ്ങൾക്കും പൊതു ജനങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഒരു പൊതു കുളം ഭാഗികമായി ബാധിക്കപ്പെടുന്നുണ്ട്. കൂടാതെ സ്ഥലത്തെ സ്വകാര്യ ജലസ്രോതസ്സായ ഒരു പാറമട കുളവും ഭാഗികമായി പദ്ധതിയിൽ ബാധിക്കപ്പെടുന്നു. നാല് പൊതു റോഡുകൾ പദ്ധതി പ്രദേശത്തെ മുറിച്ച് കടന്നു പോകുന്നു. പ്രദേശത്തെ പല വീടുകളിലേക്കും കൃഷി ഭൂമിയിലേക്കും ഉള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്നതിൽ ഈ റോഡുകൾക്ക് ഒരു സുപ്രധാന പങ്കുണ്ട്. അനേകം റബ്ബർ മരങ്ങളും മറ്റു മരങ്ങളും പദ്ധതിക്കുവേണ്ടി മുറിക്കപ്പെടേണ്ടതുണ്ട്. ആയതിനു പരിഹാരമായി സർക്കാർ ഭൂമിയിലും പൊതുസ്ഥലത്തും മരങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. പദ്ധതി, പ്രദേശത്തെ ഭൂമി വിലയും പ്രാധാന്യവും പതിന്മടങ്ങ് വർദ്ധിപ്പിക്കും എന്നാണ് കണക്കാക്കുന്നത്.

## 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2. | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം, പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3. | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ടപരിഹാരം നൽകുക |

KERALA VOLUNTARY HEALTH SERVICES
MULLANKUZHI
COLLECTORATE P.O.
KOTTAYAM-2
KVHS



Scanned by CamScanner

| | | | |
|---|---|---|---|
| 4. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 5. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 6. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 7. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 8. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 9 | വാടക വീടുകളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരവും പുനസ്ഥാപനവും നൽകുക |
| 10 | കിണറുകളുടെ നഷ്ടം | നിയന്ത്രണം ഒഴിവാക്കുക | സാധ്യമാകുവോളം സംരക്ഷിക്കുക |
| 11 | പൊതുകുളങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | സ്രോതസ്സുകൾ പുനർനിർമ്മിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുക. |
| 12 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 13 | ഇടറോഡിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 14 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 15 | പൊതു ജലസേചന സൗകര്യങ്ങളായ കനാൽ/ചെറു തോടുകളുടെയും നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 16 | സർക്കാർ സഹായ എൽ.പി. സ്കൂളിന്റെ ഭൂമി നഷ്ടം | നിയന്ത്രണം / പുനസ്ഥാപനം/ നഷ്ട പരിഹാരം | നഷ്ട പരിഹാരം / കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുക |
| 17 | ജലവിതരണ പൈപ്പുകളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2



Scanned by CamScanner

| | | | |
|---|---|---|---|
| 18 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 19 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 20 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |
| 21 | കൃഷിഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 22 | ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ | നിയന്ത്രണം | ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 23 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |

**1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

നിർദ്ദിഷ്ട പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് കാക്കനാട് മുതൽ കോതമംഗലം വരെ ഒരു നാലുവരി പാതയുടെ നിർമ്മാണവും അതിലൂടെ കൊച്ചി തേനി ദേശീയ പാതയിലെ ഗതാഗതകുരുക്കിന്റെ പരിഹാരവും ആണ്. പദ്ധതിയുടെ ആശയം 2010 ൽ രൂപപ്പെട്ടത് ആണെങ്കിലും രൂപരേഖ തയ്യാറാക്കപ്പെടുന്നത് 2015 ൽ ആണ്. തുടർന്ന് ഒന്നാം ഘട്ടം മൂന്ന് കിലോമീറ്റർ വരുന്ന തങ്കളം- എളമ്പ്ര ക്ഷേത്രം വരെയുള്ള ഭാഗം 2018 ഓടെ പൂർത്തീകരിക്കുകയും രണ്ടാം ഘട്ടമായി എളമ്പ്ര ക്ഷേത്രം മുതൽ നെല്ലിക്കുഴി മൂവാറ്റുപുഴ റോഡ് വരെയുള്ള ഭാഗം ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹിക പ്രത്യാഘാത പഠനത്തിന് വിധേയമാക്കുകയും ഉണ്ടായി. പദ്ധതിയുടെ ഏറ്റവും പ്രധാന പ്രത്യാഘാതം എന്നു പറയുന്നത് രണ്ട് താമസഭവനങ്ങളുടെ പൂർണ്ണമായ നഷ്ടവും രണ്ട് ഭവനങ്ങളുടെ ഭാഗിക നഷ്ടവും ഒരു വാടക ഭവനത്തിന്റെ നഷ്ടവും രണ്ട് ഭൂമിയുടെ പൂർണ്ണ നഷ്ടവും 64 ഭൂവുടമകളുടെ ഭൂമിയുടെ ഭാഗിക നഷ്ടവും താമസരഹിതമായ 3 ഭവനങ്ങളുടെ നഷ്ടവും കൃഷിയാവശ്യത്തിനായുള്ള ഒരു കെട്ടിടത്തിന്റെ നഷ്ടവും ആണ്. പദ്ധതിയുടെ പൊതു പ്രാധാന്യം കണക്കാക്കപ്പെടുമ്പോളും പദ്ധതി മൂലം പ്രദേശത്തിന് ഉണ്ടാകുന്ന സാമ്പത്തിക പുരോഗതി കണക്കാക്കപ്പെടുമ്പോളും പദ്ധതി മൂലം ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതം വളരെ കുറഞ്ഞത് എന്ന ഗണത്തിൽപ്പെടുത്താവുന്നതാണ്. എന്നാൽ പദ്ധതി പ്രദേശത്തിന്റെ അഞ്ചിൽ ഒരു ഭാഗം ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന കൃഷി ഭൂമിയാണ് എന്നുള്ളത് പ്രത്യാഘാതം വർദ്ധിപ്പിക്കുന്നു എങ്കിലും പദ്ധതി പ്രദേശത്തോട് അനുബന്ധമായി തരിശു കിടക്കുന്ന ഭൂമിയുടെ വ്യാപ്തി കണക്കാക്കുമ്പോൾ പ്രസ്തുത കൃഷി ഭൂമിയുടെ നഷ്ടം ലഘുതരം എന്ന് വിലയിരുത്താവുന്നതാണ്. കൂടാതെ 95% വരുന്ന പദ്ധതി ബാധിതരുടെ പദ്ധതി വേണം എന്ന് അഭിപ്രായപ്പെടുന്നവരും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുന്നവരും ആണ്. പദ്ധതി ബാധിതരുടെ വിദ്യാഭ്യാസ നിലവാരം, സാമ്പത്തിക സ്ഥിതി, ഭൂവുടമസ്ഥതയുടെ വ്യാപ്തി എന്നിവ പരിഗണിക്കുമ്പോൾ പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുവാൻ പദ്ധതി ബാധിതർക്ക് സാധിക്കും എന്ന് കണക്കാക്കാവുന്നതാണ്. പദ്ധതി ബാധിതരിൽ ആരും തന്നെ സാമ്പത്തികപരമായി വളരെ പിന്നോക്കാവസ്ഥയിൽ

KERALA VOLUNTARY HEALTH SERVICES
MULLANKUZHI
COLLECTORATE P.O.
KOTTAYAM-2
KVHS



Scanned by CamScanner

നിൽക്കുന്നില്ല എന്നുള്ളതുകൊണ്ടും പട്ടികജ്ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആരും തന്നെ പദ്ധതിബാധിതരായി ഇല്ല എന്നുള്ളതുകൊണ്ടും പദ്ധതി മൂലം ഉണ്ടാകുന്ന സാമൂഹിക പ്രത്യാഘാതം ശരിയായ നഷ്ട പരിഹാര പുനരധിവാസ പ്രവർത്തനങ്ങളിലൂടെ കുറയ്ക്കുവാനും ഇല്ലായ്മ ചെയ്യുവാനും സാധിക്കും എന്നുള്ളതും വ്യക്തമാണ്. എന്നാൽ ഇപ്പോൾ തന്നെ കാല ദൈർഘ്യം ബാധിച്ച ഒരു പദ്ധതി എത്രയും വേഗം പൂർത്തീകരിക്കേണ്ടത് പ്രത്യാഘാതം കുറയ്ക്കുന്നതിന് വളരെയധികം സഹായിക്കും. പദ്ധതി മൂലം തുണ്ടുഭൂമികളാകുന്ന ഭൂമികൾ ഏറ്റെടുത്തും നഷ്ടപരിഹാരം നൽകിയും വീടുകളിലേയ്ക്കും, കൃഷി ഭൂമിയിലേക്കും ഉള്ള പ്രവേശന മാർഗ്ഗങ്ങൾ പുനസ്ഥാപിച്ചും ജലസേചന മാർഗ്ഗങ്ങൾ സംരക്ഷിച്ചും പദ്ധതിയുടെ സാമൂഹിക പ്രത്യാഘാതം വീണ്ടും കുറയ്ക്കാവുന്നതാണ്. പദ്ധതി ഏതെങ്കിലും രീതിയിൽ ജീവിത ശൈലി, സംസ്കാരം, ജീവിത നിലവാരം, വിവിധ സമുദായങ്ങൾ തമ്മിലുള്ള സഹവർത്തിത്തം എന്നിവയെ ബാധിക്കും എന്ന് കരുതുന്നില്ല. എന്നാൽ പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണം എല്ലാ തരത്തിലുമുള്ള സാമൂഹിക പ്രത്യാഘാതത്തെയും കുറയ്ക്കാൻ പര്യാപ്തമാണ്. പദ്ധതി ബാധിതരുടെയും ജന പ്രതിനിധികളുടെയും, പൊതുജനങ്ങളുടെയും ഇടയിൽ പദ്ധതി സംബന്ധമായ ഇപ്പോഴുള്ള പൊതുതാൽപ്പര്യം നിലനിർത്തുന്നത് പദ്ധതിയുടെ പ്രത്യാഘാതം ഇല്ലായ്മ ചെയ്യുന്നതിന് സഹായകരമാണ്.

പദ്ധതിയുടെ പൊതുതാൽപ്പര്യം പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും കാക്കനാട് കോതമംഗലം നാലുവരിപ്പാത രണ്ടാംഘട്ട പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 * KVHS *

Scanned by CamScanner

## അദ്ധ്യായം 2
## പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേകശങ്ങളെ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന പാതയാണ് എറണാകുളം തേനി ദേശീയപാതയുടെ കാക്കനാട്- കോതമംഗലം ഭാഗം. ഈ പ്രദേശത്തെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനുള്ള പ്രധാനപ്പെട്ട പദ്ധതിയാണ് കാക്കനാട്- കോതമംഗലം (നാലുവരി) പാത വിഭാവനം ചെയ്തിരിക്കുന്നത്. ദേശീയ പാതയുടെ കാക്കനാട്- കോതമംഗലം ഭാഗത്തിന് സമാന്തരമായി നിർമ്മിക്കാൻ ഉദ്ദേശി ക്കുന്ന നാലുവരിപ്പാതയുടെ ഒന്നാംഘട്ടം തങ്കളം മുതൽ എളമ്പ്ര ക്ഷേത്രം വരെയുള്ള ഭാഗം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു. രണ്ടാം ഘട്ടമായ എളമ്പ്ര ക്ഷേത്രം മുതൽ നെല്ലിക്കുഴി മൂവാറ്റു പുഴ റോഡുവരെയുള്ള പ്രദേശത്തെ 5.9258 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന ത്. ജില്ലയുടെ സമഗ്ര വികസനത്തിന് പ്രയോജനപ്രദമാകും എന്നു കരുതുന്നു. പദ്ധതി പല സാങ്കേതിക പ്രശ്നങ്ങലും മൂലം കാല വിളംബരം സംഭവിച്ചതാണ്.

### 2.1.1. -റിക്വസിഷൻ അധികാരി

#### 2.1.1. (എ). -കേരള പൊതുമരാമത്ത് വകുപ്പ്

കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷി ക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോമീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജഭരണ കാലത്ത് റോഡുകളുടെ വിക സനത്തിനുവേണ്ടി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു.

ഇന്ന് അഞ്ച് ചീഫ് എൻജിനീയറന്മാരുടെ കീഴിൽ 20 സൂപ്രണ്ടിങ്ങ് എൻജിനീയറന്മാരും, 76 എക്സിക്യൂട്ടീവ് എൻജിനീയറന്മാരും 639 അസിസ്റ്റന്റ് എൻജിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃഖംലയാണ്. കാക്കനാട്- കോതമംഗലം നാലുവരിപ്പാത റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരി ക്കുന്നത് പൊതുമരാമത്ത് റോഡ് വിഭാഗത്തെയാണ്. കോതമഗംലം എക്സിക്യൂട്ടീവ് എൻജിനീയ റുടെ ഓഫീസ് ആണ് മേൽനോട്ടം വഹിക്കുന്നത്.

### 2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

തഹസിൽദാർ ഓഫീസ് (ഭൂമി ഏറ്റെടുക്കൽ, പൊതു വിഭാഗം) ആണ് ഭൂമി ഏറ്റെടുക്കൽ സംബന്ധ മായ എല്ലാ അളവുകളും പരിശോധനകളും നടത്തിയത്. ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ന്റെ മേൽ നോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

### 2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

കാക്കനാട് കോതമംഗലം (നാലുവരിപ്പാത) പദ്ധതി ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടി 2010 -12 കാലഘട്ടത്തിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഒന്നാം ഘട്ടത്തിന്റെ പദ്ധതി നട ത്തിപ്പ് 2015 ൽ മാത്രമാണ് ആരംഭിക്കപ്പെട്ടത്. 2018 ൽ ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും രണ്ടാം

KERALA VOLUNTARY HE... MULLANKUZHI COLLECTORATE P.O KOTTAYAM-2 KVHS



Scanned by CamScanner

ഘട്ടത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ദേശീയ പാതയുടെ എറണാകുളം കോതമംഗലം പ്രദേശത്തെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിന് വിഭാവനം ചെയ്തുകൊണ്ടാണ് പ്രസ്തുത പാതയ്ക്ക് സമാന്തരമായി ഒരു നാലുവരിപ്പാത പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. വ്യാപാര സ്ഥാപനങ്ങളും താമസഭവനങ്ങളും വളരെ കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ള ദേശീയ പാതയുടെ വീതി കൂട്ടൽ പുനരധിവാസ- പുനർവാസ ബാധ്യത വർദ്ധിപ്പിക്കുന്നതും വലിയ അള വിൽ സാമൂഹിക പ്രത്യാഘാതം രൂപപ്പെടുത്തുന്നതുമാണ്. അതുകൊണ്ട് തന്നെ സമാന്തര നാലു വരിപ്പാതയുടെ നിർമ്മാണം പൊതു ആഴശ്യ പ്രസക്തവും സാമ്പത്തികപരമായി ലാഭകരവും എന്ന് കാണാവുന്നതുമാണ്.

ഒന്നാം ഘട്ടം പൂർത്തീകരിച്ച പദ്ധതി രണ്ടാം ഘട്ടത്തിലേക്കും പൂർത്തീകരണത്തിലേക്കും എത്തേ ണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് തന്നെ പദ്ധതിക്ക് കാര്യമായ ബദൽ നിർദ്ദേശങ്ങൾ സമർപ്പി ക്കാൻ സാധ്യമല്ല. കൂടാതെ പദ്ധതിക്ക് വേണ്ടി വർഷങ്ങളായി ഉപയോഗ നിയന്ത്രണത്തിലുള്ള സ്ഥലം എന്ന നിലയിൽ പദ്ധതി പൂർത്തീകരണം പദ്ധതി ബാധിതരുടെ ഏറ്റവും വലിയ ആവശ്യമാ ണ്. ഈ കാര്യങ്ങൾ ചൂണ്ടികാട്ടുന്നത് പദ്ധതിയുടെ പൊതുതാൽപ്പര്യ പ്രസക്തിയും പ്രാധാന്യവു മാണ്.

### 2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | എണ്ണം |
|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | 2 |
| 2. | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | 2 |
| 3. | ഉപയോഗിക്കാത്ത ഭവനങ്ങളുടെ നഷ്ടം | 3 |
| 4. | ഭൂമിയുടെ നഷ്ടം | 2 |
| 6. | ഭൂമിയുടെ ഭാഗിക നഷ്ടം | 64 |
| 7. | കെട്ടിടങ്ങളുടെ നഷ്ടം | 1 |
| 8. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | 1 |
| 9 | പൊതു കുളം | 1 |
| 10 | സ്വകാര്യ കുളം | 1 |
| 11 | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | 23 |
| 12 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | 4 |
| 13 | മരങ്ങളുടെ നഷ്ടം | 8000-9000 |

#### 2.3.1. പദ്ധതി പ്രദേശം

ജില്ലാ ആസ്ഥാനത്ത് നിന്ന് 60 കിലോമീറ്ററും കോതമംഗലം പട്ടണത്തിൽ നിന്നും ഒന്ന് മുതൽ നാലുവരെ കിലോമീറ്ററും അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കൊച്ചി-തേനി ദേശീയ പാത യുടെ കാക്കനാട്- കോതമംഗലം ഭാഗത്തിന്റെ സമാന്തരമായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കാർഷിക പ്രാധാന്യം ഉള്ളസ്ഥലമാണ്.

പദ്ധതി പ്രദേശത്തിന് വളരെ സമീപത്തായി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ലോവർ പ്രൈമറി സ്കൂൾസ്ഥിതി ചെയ്യുന്നു.

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM * KVHS *

Scanned by CamScanner

ഒരു മുസ്ളീം പള്ളിയും, അമ്പലവും സാമീപ്യം കൊണ്ട് പദ്ധതി പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നാല് പാതകൾ പദ്ധതി പ്രദേശത്തിന് കുറുകെ കടന്നു പോകുന്നു. പദ്ധതി പ്രദേശത്തെ പ്രധാന പാതകളുടെയും, കോതമംഗലം പട്ടണവുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡുകൾ.

ഒരു പൊതുകുളം, ഒരു സ്വകാര്യ പാറമടകുളം എന്നിവ ജലസ്രോതസ്സുകളായി പദ്ധതി പ്രദേശത്ത് ഉണ്ട്. പൊതു കുളത്തിലെ ജലം ആളുകൾ കുടിക്കാനൊഴികെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. പദ്ധതി പ്രദേശത്തിന്റെ അഞ്ചിൽ ഒരു ഭാഗം വയലും ശേഷിക്കുന്ന ഭൂമിയുടെ, റോഡ്, താമസ്സസ്ഥലം എന്നിവ ഒഴിച്ചുള്ള ഭാഗം, റബ്ബർ, കൊക്ക എന്നിവ കൃഷി ചെയ്യുന്ന പ്രദേശവുമാണ്. വയലിൽ നെൽകൃഷി ഇല്ല എന്നുതന്നെപറയാം. എന്നാൽ പച്ചക്കറി, കപ്പ, വാഴ, ചേന എന്നീ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നു. നിർദ്ദിഷ്ട ശബരി റെയിൽ പാത പദ്ധതി പ്രദേശത്തെ മുറിച്ച് കടന്നു പോകുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ പദ്ധതി പ്രദേശത്തെ എല്ലാ സമയത്തും ജലസേചന സൗകര്യം ഉള്ള പ്രദേശമായി നിലനിർത്തുന്നു. ഇത് പദ്ധതി പ്രദേശത്തിന്റെ കാർഷിക പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

### 2.4. പദ്ധതിനിർവ്വഹണ ഘട്ടം

ഒന്നാം ഘട്ടം പൂർത്തീകരിച്ച പദ്ധതിയുടെ രണ്ടാം ഘട്ടം ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സാമൂഹിക പ്രത്യാഘാച പഠനത്തിനായി പദ്ധതി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.

### 2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

### 2.6. പദ്ധതിക്ക്സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

### 2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

### 2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

### 2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏററ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893 | ഭൂമി ഏറ്റെടുക്കൽ |

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 KVHS



Scanned by CamScanner

| | | |
|---|---|---|
| | ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | പുനരധിവാസവും പുനസ്ഥാപനവും |

KERALA VOLUNTARY HEALTH SE[...]
MULLANKUZHI
COLLECTORATE P.O.
KOTTAYAM-2
KVHS



Scanned by CamScanner

## അദ്ധ്യായം 3

## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

### 3.1. പശ്ചാത്തലം

ജി.ഒ.പി നം. 2/2019 ആർ.ഡി. തീയതി 14/01/2019 പ്രകാരം കേരള സർക്കാർ സാജു.വി.ഇട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ കേരളാ വി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെ ടീമിനെയുംപേരാമ്പ്ര ബൈപ്പാസ് പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

### 3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവര ശേഖക | 16 വർഷത്തെ പ്രവർത്തന പരിചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 36 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd.റവന്യൂ ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd.വില്ലേജ് ഓഫീസർ |

### 3.3. പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 5.9258 ഹെക്ടർ ഭൂമിയാണ്.പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 KVHS

Scanned by CamScanner

വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു

### 3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. തഹസിൽദാർ ഓഫീസ്, (എൽ.എ. ജനറൽ)
2. കോതമംഗലം പഞ്ചായത്ത് ഓഫീസ്
3. പി.ഡബ്ള്യു.ഡി, കോതമംഗലം
4. വില്ലേജ് ഓഫീസ്, ഇരമല്ലൂർ
5. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും
6. ജന പ്രതിനിധികൾ

### 3.6. നടപടികളും സമയക്രമങ്ങളും

14/01/2019- സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
12/03/2019- ഡപ്യൂട്ടി കളക്ടർ, ഭൂമി ഏറ്റെടുക്കൽ വിഭാഗത്തിൽ നിന്നുള്ള കത്ത്.
15/03/2019- 20/03/2019 - സെക്കണ്ടറി വിവര ശേഖരണം
21/03/2019 -25/03/2019 - പദ്ധതി പങ്കാളികളെ / താൽപ്പര്യമുള്ളവരെ കണ്ടെത്തൽ
26/03/2019- 15/12/2019- സാമൂഹിക സർവ്വേ
16/04/2019-18/04/2019- പദ്ധതി ബാധിതരുടെ യോഗം
01/05/2019 & 02/05/2019- 'ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ
06/05/2019 - ഡ്രാഫ്റ്റ് റിപ്പോർട്ട്

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 KVHS



Scanned by CamScanner

### 3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.
2. പല പദ്ധതി ബാധിതരുടെയും പ്രവേശനമാർഗ്ഗങ്ങൾ പദ്ധതി മൂലം തടസ്സപ്പെടുന്നുണ്ട്. ആയത് പുനസ്ഥാപിക്കപ്പെടണം.
3. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ പദ്ധതി ബാധിതർ തയ്യാറാണ്.
4. ഭൂമി ഏറ്റെടുക്കൽ സംബന്ധമായി കൃത്യമായി വിവരങ്ങൾ നൽകുകയും പദ്ധതി ബാധിതരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വേണം.
5. പുനരധിവാസ- പുനർവാസ നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരെ പങ്കെടുപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും പുരോഗതി സബന്ധമായി കൃത്യമായ വിവരങ്ങൾ നൽകുകയും വേണം.

KERALA VOLUNTARY HEALTH SERVICES MULLANKUZHI COLLECTORATE P.O. KOTTAYAM-2 KVHS



Scanned by CamScanner

# അദ്ധ്യായം 4
# പദ്ധതി ഭൂമിയുടെ വിശകലനം

## 4.1. ഭൂമിയുടെ വിവരണം

ജില്ലാ ആസ്ഥാനത്ത് നിന്ന് 60 കിലോമീറ്ററും കോതമംഗലം പട്ടണത്തിൽ നിന്നും ഒന്ന് മുതൽ നാലുവരെ കിലോമീറ്ററും അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കൊച്ചി-തേനി ദേശീയ പാതയുടെ കാക്കനാട്- കോതമംഗലം ഭാഗത്തിന്റെ സമാന്തരമായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കാർഷിക പ്രാധാന്യം ഉള്ളസ്ഥലമാണ്. പദ്ധതി പ്രദേശത്തിന് വളരെ സമീപത്തായി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ലോവർ പ്രൈമറി സ്കൂൾസ്ഥിതി ചെയ്യുന്നു.

ഒരു മുസ്ളീം പള്ളിയും, അമ്പലവും സാമീപ്യം കൊണ്ട് പദ്ധതി പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നാല് പാതകൾ പദ്ധതി പ്രദേശത്തിന് കുറുകെ കടന്നു പോകുന്നു. പദ്ധതി പ്രദേശത്തെ പ്രധാന പാതകളുടെയും, കോതമംഗലം പട്ടണവുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡുകൾ.

ഒരു പൊതുകുളം, ഒരു സ്വകാര്യ പാറമടകുളം എന്നിവ ജലസ്രോതസ്സുകളായി പദ്ധതി പ്രദേശത്ത് ഉണ്ട്. പൊതു കുളത്തിലെ ജലം ആളുകൾ കുടിക്കാനൊഴികെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. പദ്ധതി പ്രദേശത്തിന്റെ അഞ്ചിൽ ഒരു ഭാഗം വയലും ശേഷിക്കുന്ന ഭൂമിയുടെ, റോഡ്, താമസ്സസ്ഥലം എന്നിവ ഒഴിച്ചുള്ള ഭാഗം, റബ്ബർ, കൊക്ക എന്നിവ കൃഷി ചെയ്യുന്ന പ്രദേശവുമാണ്. വയലിൽ നെൽകൃഷി ഇല്ല എന്നുതന്നെപറയാം. എന്നാൽ പച്ചക്കറി, കപ്പ, വാഴ, ചേന എന്നീ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നു. നിർദ്ദിഷ്ട ശബരി റെയിൽ പാത പദ്ധതി പ്രദേശത്തെ മുറിച്ച് കടന്നു പോകുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ പദ്ധതി പ്രദേശത്തെ എല്ലാ സമയത്തും ജലസേചന സൗകര്യം ഉള്ള പ്രദേശമായി നിലനിർത്തുന്നു. ഇത് പദ്ധതി പ്രദേശത്തിന്റെ കാർഷിക പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

## 4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന 5.9258 ഹെക്ടർ ഭൂമി വ്യവസായ പ്രാധാന്യ ഭൂമിയായി മാറ്റപ്പെടും എന്നുള്ളതാണ് പദ്ധതി പ്രദേശത്ത് പൊതുവായി ഉണ്ടായേക്കാവുന്ന പ്രത്യാഘാതം. എന്നാൽ ഈ പദ്ധതി പ്രദേശത്തെ കാർഷിക ഉൽപ്പാദനത്തെ ഒരു രീതിയിലും ബാധിക്കുന്ന എന്നു കരുതുന്നില്ല. കാരണം പദ്ധതി പ്രദേശത്തിന് സമീപസ്ഥമായി അനേകം സ്ഥലങ്ങൾ കൃഷി ചെയ്യപ്പെടാതെ തരിശു കിടക്കപ്പെടുന്നുണ്ട്. ഈ പ്രദേശങ്ങളിലെ ആസൂത്രിത കൃഷിയുടെ കാർഷിക മേഖലയിൽ ഉണ്ടാകുന്ന കുറവ് നികത്തപ്പെടാവുന്നതാണ്. കാക്കനാട് മുതൽ കോതമംഗലം വരെയുള്ള പ്രദേശത്തെ യാത്രാ സൗകര്യം വർദ്ധിക്കുന്നത് വ്യവസായ തുറമുഖ നഗരമായ എറണാകുളത്തേക്കും തിരിച്ചുമുള്ള ഗതാഗതം സുഗമമാക്കുകയും അത് വിദ്യാഭ്യാസ, സാംസ്കാരിക, ടൂറിസ, വ്യവസായ മേഖലകളിൽ പുരോഗമനപരമായ മാറ്റം സൃഷ്ടിക്കുകയും ചെയ്യുന്നു. വലിയ തോതിൽ കാർഷിക മേഖലയായ ജില്ലയുടെ കിഴക്കൻ പ്രദേശത്തു നിന്നും അസംസ്കൃത വസ്തുക്കളും കാർഷിക വിഭവങ്ങളും വ്യവസായ തലസ്ഥാനമായ എറണാകുളത്തേക്ക് എത്തിക്കുന്നതിന് ഗതാഗത സൗകര്യങ്ങളുടെ വർദ്ധന സഹായകമാകും. പദ്ധതി മൂലം പദ്ധതി പ്രദേശത്ത് രൂപപ്പെടാൻ സാധ്യതയുള്ള ഭൂമിയുടെ വാണിജ്യമൂല്യം ജന സാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന കൊച്ചി പട്ടണത്തിന്റെ ഉപഗ്രഹ നഗരമായി കോതമംഗലം, പെരുമ്പാവൂർ പ്രദേശങ്ങളെ മാറ്റാൻ സഹായകരമാണ്.

KERALA VOLUNTARY HEALTH SERVICES MULLAKUZHI COLLECTORATE P.O. KOTTAYAM-2 KVHS



Scanned by CamScanner

**4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.**

പദ്ധതിക്കുവേണ്ടി 5.9358 ഹെക്ടർ ഭൂമിയാണ് 66 ഭൂവുടമകളിൽ നിന്നും ഏറ്റെടുക്കുന്നത്. സാമൂഹിക വിശകലനം സൂചിപ്പിക്കുന്നത് മൊത്തം ഏറ്റെടുക്കുന്ന ഭൂമിയുടെ 14% താമസസ്ഥലത്തോടു കൂടിയതും 70% തോട്ടവിള കൃഷി നടത്തുന്നതും, 2% റോഡ്, കനാൽ മുതലായ സർക്കാർ ഭൂമിയുമാണ്. ശേഷിക്കുന്നവ വയൽ ഗണത്തിൽപ്പെടുത്താവുന്നതാണ്. മതസ്ഥാപനങ്ങളുടെ ഭൂമിയോ, പൊതുസ്ഥാപനങ്ങളുടെ ഭൂമിയോ പദ്ധതി ബാധിതമായി കാണുന്നില്ല. കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്കുവേണ്ടി പൊതുജനങ്ങൾ ഉപയോഗപ്പെടുത്തുന്ന ഒരു പൊതു കുളം ഭാഗികമായി ബാധിക്കപ്പെടുന്നതായി കാണുന്നു. കൂടാതെ ഒരു സ്വകാര്യ പാറക്കുളം പദ്ധതി പ്രദേശത്തെ ഒരു ജലസ്രോതസ്സായി കണക്കാക്കാവുന്നതാണ്. നിർദ്ദിഷ്ട ശബരി റയിൽ പാത പദ്ധതി പ്രദേശത്തെ മുറിച്ച് കടന്നു പോകുന്നു. പദ്ധതി ബാധിക്കപ്പെടുന്ന വയൽ പ്രദേശങ്ങളിൽ നെൽകൃഷി തുലോം വിരളമാണ്. മറിച്ച് കപ്പ, വാഴ, ചേന, പയർ, ചേമ്പ് മുതലായ ഭക്ഷ്യ വിഭവങ്ങൾ ഈ പ്രദേശത്ത് കൃഷി ചെയ്യപ്പെടുന്നു. പ്രധാന തോട്ടവിളകൾ റബ്ബർ, കൊക്കോ എന്നിവയാണ്. കോതമംഗലം താലൂക്കിൽ എരമല്ലൂർ വില്ലേജിൽപ്പെട്ട പദ്ധതി പ്രദേശത്ത് ബാധിക്കപ്പെടുന്ന ചമയങ്ങളായുള്ളത് നാല് താമസ ഭവനങ്ങളും ഒരു വാടക താമസഭവനവും 3 താമസക്കാരില്ലാത്ത ഭവനങ്ങളും ഒരു കാർഷിക ആവശ്യത്തിനുള്ള കെട്ടിടവും ആണ്. ഇതുകൂടാതെ ചില കൽക്കെട്ടുകൾ, അതിർത്തി മതിലുകൾ എന്നിവയും ബാധിക്കപ്പെടുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ പദ്ധതി പ്രദേശത്തുകൂടി കടന്നു പോകുന്നു. പ്രസ്തുത കനാൽ ഉള്ളതുകൊണ്ട് തന്നെ പദ്ധതി പ്രദേശത്തെ എല്ലാ കാലത്തിന്റെ ജലസേചന സൗകര്യം ഉള്ള പ്രദേശമായി കണക്കാക്കാവുന്നതാണ്.

**4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.**

ഒരു പൊതു കുളം, നാല് പാതകൾ,മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ എന്നിവ പദ്ധതി ബാധിതമാണ്.

**4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.**

ബാധകമല്ല

**4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ**

റവന്യു വകുപ്പ്, തയ്യാറാക്കിയിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഉദ്ദേശം 5.9258 ഹെക്ടർ ഭൂമിയാണ് രണ്ടാം ഘട്ട പദ്ധതിക്ക് ആവശ്യമായി വരുന്നത്. ജില്ലാ ആസ്ഥാനത്ത് നിന്ന് 60 കിലോമീറ്ററും കോതമംഗലം പട്ടണത്തിൽ നിന്നും ഒന്ന് മുതൽ നാലുവരെ കിലോമീറ്ററും അകലെ സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം കൊച്ചി-തേനി ദേശീയ പാതയുടെ കാക്കനാട്- കോതമംഗലം ഭാഗത്തിന്റെ സമാന്തരമായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം കാർഷിക പ്രാധാന്യം ഉള്ളസ്ഥലമാണ്. പദ്ധതി പ്രദേശത്തിന് വളരെ സമീപത്തായി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ലോവർ പ്രൈമറി സ്കൂൾസ്ഥിതി ചെയ്യുന്നു.

KERALA VOLUNTARY HEALTH SERVICES
MULLANKUZHI
COLLECTORATE P.O.
KOTTAYAM-2
* KVHS *



Scanned by CamScanner

